## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *115 — 05-03-2018 -ൽ മറുപടിക്ക്

## ദുരന്തനിവാരണ രൂപരേഖകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്തനിവാരണ ആക്റ്റ് 2005 നിലവിൽ വന്നതിനു ശേഷം സംസ്ഥാന / ജില്ലാതലങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും ദുരന്തനിവാരണ രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ; | എ) | ദുരന്തനിവാരണ ആക്റ്റ് 2005 നിലവിൽ വന്നതിനു ശേഷം സംസ്ഥാന ദുരന്ത നിവാരണ രൂപരേഖയും (Kerala State Disaster Management Plan 2016) / ജില്ലാതലത്തിൽ ജില്ലാ ദുരന്ത നിവാരണ രൂപരേഖയും (District Disaster Management Plans) തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന Disaster Management Act, 2005 ൽ CHAPTER VI - LOCAL AUTHORITIES, Section 41 ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കണം എന്ന് നിഷ്കർഷിക്കുന്നില്ല.. എന്നിരുന്നാലും സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരന്ത സാദ്ധ്യതയുള്ള ചില പ്രദേശങ്ങളിൽ പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് CHAPTER VI - LOCAL AUTHORITIES, Section 41 പ്രകാരം ഒരു Statutory Requirement അല്ല. നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാദ്ധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇന്ത്യയിൽ തന്നെ അപൂർവ്വം സംസ്ഥാനങ്ങളിൽ മാത്രം നിലവിൽ ഉള്ള Emergency Supports Functions Plan നും Standard Operating Procedures ഉം കേരളത്തിൽ 2015 മുതൽ നിലവിലുണ്ട്. ഈ plan-ലും, SOP കളിലും ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് വിവിധ ദുരന്തങ്ങളെ നേരിടുന്നത്. ഏത് സാഹചര്യത്തിൽ ഏതു അളവിലുള്ള പ്രതികരണം ഏതൊക്കെ വകുപ്പ് നടത്തണം എന്ന് വ്യക്തമായി ഈ plan-ലും, SOP കളിലും നിർദ്ദേശിച്ചിട്ടുണ്ട്. ഈ plan ഉം SOP കളും ഉൾകൊള്ളുന്ന Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala (Edition 2) ഇവിടെ ലഭ്യമാണ് http://disasterlesskerala.org/wp-content/uploads/2016/04/EOCESFP2015.pdf |
| ബി) | വരൾച്ച മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാനത്ത് വരൾച്ചാ മാനേജ്മെന്റ് മാന്വൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; | ബി) | വരൾച്ച മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാനത്ത് വരൾച്ചാ മാനേജ്മെന്റ് മാന്വൽ നിലവിലില്ല. സംസ്ഥാന തലത്തിൽ വരൾച്ചാ മാനുവൽ തയ്യാറാക്കുവാൻ വരൾച്ചാ മാനുവൽ 2016 ലോ, കേന്ദ്ര ദുരന്ത നിവാരണ നിയമത്തിലോ നിഷ്കർഷിക്കുന്നില്ല. കേരളത്തിലെ സവിശേഷ സാഹചര്യത്തിൽ ഒരു പ്രത്യേക വരൾച്ചാ മാനുവൽ സംസ്ഥാന തലത്തിലെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തയ്യാറാക്കുന്നതിനായി ജലസേചന വകുപ്പ്, കൃഷി വകുപ്പ് എന്നീ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു ഹൈഡ്രോളജിസ്റ്റ്, കൃഷി വിദഗ്ദ്ധൻ എന്നിവരെ ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | കെ.എസ്.ഡി.എം.എ യുടെ 2016-17-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി ദുർന്തനിവാരണ ആക്ട് വകുപ്പ് 70(2) അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ; ഇതുകാരണം ദുരന്തനിവാരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി | 2016-17 ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദ വിവരങ്ങൾ ജില്ലാ അതോറിറ്റികളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിക്കേണ്ടതുണ്ട്. സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ജില്ലാ അതോറിറ്റികൾ മുഖാന്തിരമാണ് നടത്തുന്നത്. വാർഷിക റിപ്പോർട്ട് പുതിയ പദ്ധതികളുടെ ആസൂത്രണ രേഖയല്ല. ഓരോ ജില്ലയിലേയും 2016-17-ലെ ദുരന്ത നിവാരണ പ്രവർത്തന റിപ്പോർട്ടും ചെലവഴിച്ച തുകയും സംസ്ഥാന അതോറിറ്റിയുടെ കണക്കുകളുമായി താരതമ്യം ചെയ്തതിൽ ചില റിപ്പോർട്ട് അപൂർണ്ണമായതിനാൽ വിശദ വിവരങ്ങൾ ലഭ്യമാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അന്തിമ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ